# ഓര്‍മകള്‍ ഉണ്ടായിരിക്കണം

**'സാമുദായിക** വിപത്തിന്റെ ഇരുപത്തഞ്ചു വര്‍ഷം'- ഓപ്പറേഷന്‍ ബ്ലൂസ്റ്റാറിന്റെ 25-ാം വാര്‍ഷികാചരണവേളയില്‍ പഞ്ചാബിലെങ്ങും വ്യാപകമായി വിതരണം ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്ന ലഘുലേഖയുടെ ശീര്‍ഷകമാണിത്. 1980കളുടെ ആദ്യപാദത്തില്‍ പഞ്ചാബില്‍ ഖലിസ്ഥാന്‍ സംസ്ഥാപന പ്രസ്ഥാനം ശക്തമായിരുന്നു. അമൃത്സറിലെ സുവര്‍ണക്ഷേത്രം ആസ്ഥാനമാക്കി സന്ദ്ജര്‍ണയില്‍ സിംഗ് ഭിന്ദ്രന്‍വാലയായിരുന്നു അതിനു നേതൃത്വം നല്‍കിയത്. അദ്ദേഹത്തിന്റെ അനുയായികള്‍ അവിടെ ഭീകരപ്രവര്‍ത്തനം നിര്‍ബാധം നടത്തിക്കൊണ്ടിരുന്നു. തീവ്രവാദികളെ നിയന്ത്രിക്കാനാവാതെ സംസ്ഥാന ഗവണ്‍മെന്റും കേന്ദ്ര ഗവണ്‍മെന്റും ഒരുപോലെ പരിഭ്രാന്തമായി. ഒടുവില്‍ കേന്ദ്രം സൈനിക നടപടിക്കൊരുമ്പെടുകയായിരുന്നു. 1984 ജൂണ്‍ 6ന് ഇന്ത്യന്‍ സൈന്യം സുവര്‍ണക്ഷേത്രത്തിലേക്ക് മാര്‍ച്ച് ചെയ്തു. സൈനികാക്രമണത്തില്‍ ഭിന്ദ്രന്‍വാലയുടെ സങ്കേതത്തോടൊപ്പം ലോകത്തെങ്ങുമുള്ള സിഖുമതവിശ്വാസികള്‍ പവിത്രമായി കരുതി ആദരിക്കുന്ന ഹര്‍മന്ദിര്‍ സാഹിബിന്റെ ഗംഭീരമായ കെട്ടിടവും തകര്‍ന്നു. സിഖ് ജനതക്കേറ്റ ഗുരുതരമായ ആഘാതം തന്നെയായിരുന്നു അത്. പല രൂപത്തില്‍ അവരുടെ ദുഃഖവും രോഷവും പ്രകടമായിത്തുടങ്ങി. അക്കൊല്ലം ഒക്ടോബര്‍ 31ന് അന്നത്തെ പ്രധാനമന്ത്രി ഇന്ദിരാഗാന്ധി നിഷ്ഠുരമായി വധിക്കപ്പെടുന്നിടത്തോളം അത് വളര്‍ന്നു. അനന്തരം അതിനേക്കാള്‍ നിഷ്ഠുരമായ സിഖ്‌വിരുദ്ധ കലാപം അരങ്ങേറി. ആയിരക്കണക്കില്‍ സിഖുകാര്‍ കൊല്ലപ്പെട്ടു. അത് ആ സമുദായത്തിനേറ്റ മറ്റൊരു മഹാ മുറിവായി നിലനില്‍ക്കുന്നു.

എന്നാല്‍ ദല്‍ഹി കലാപത്തിലെ അറുകൊലകളേക്കാള്‍ സിഖുജനതയെ വേദനിപ്പിക്കുന്നതും രോഷാകുലരാക്കുന്നതും സുവര്‍ണക്ഷേത്ര ധ്വംസനമാണ്. ആ മുറിവ് തങ്ങളുടെ മനസ്സില്‍ എന്നും പച്ചയായിത്തന്നെ നിലനില്‍ക്കണമെന്ന് സിഖുകാര്‍ ആഗ്രഹിക്കുന്നുമുണ്ട്. കഴിഞ്ഞ കാല്‍ നൂറ്റാണ്ടിനിടെ അതുണക്കാന്‍ ഏറെ ശ്രമങ്ങള്‍ നടക്കുകയുണ്ടായി. സൈനിക നടപടി പൂര്‍ത്തിയായ ഉടനെത്തന്നെ സിഖ് സമൂഹത്തിന്റെ വിശ്വാസം വീണ്ടെടുക്കാനുള്ള നടപടികളാരംഭിച്ചിരുന്നു. സുവര്‍ണ ക്ഷേത്രം സര്‍ക്കാര്‍ ചെലവില്‍ സമ്പൂര്‍ണമായി പുനര്‍നിര്‍മിച്ചു. പക്ഷേ, പിന്നീട് സിഖുകാര്‍ അത് പൊളിച്ച് മതാചാരപ്രകാരം കര്‍സേവയിലൂടെ വീണ്ടും നിര്‍മിക്കുകയായിരുന്നു. അഞ്ചു വര്‍ഷത്തിനകം സിഖുജനത മുഖ്യധാരയുടെ ഭാഗമായിക്കഴിഞ്ഞു. നാശനഷ്ടങ്ങള്‍ സംബന്ധിച്ച പരാതികള്‍ അനുഭാവപൂര്‍വം പരിഗണിക്കപ്പെട്ടു. നഷ്ടപരിഹാരം തൃപ്തികരമായി വിതരണംചെയ്യപ്പെട്ടുകൊണ്ടിരുന്നു. എങ്കിലും സുവര്‍ണക്ഷേത്രധ്വംസനം സൃഷ്ടിച്ച ആഘാതത്തില്‍നിന്ന് മുക്തരാവാന്‍ അവര്‍ക്കായില്ല. ഈ ജൂണ്‍ മാസം അതിന്റെ 25-ാം വാര്‍ഷികാചരണം പ്രമാണിച്ച് അമൃത്സറില്‍ സംഘടിപ്പിക്കപ്പെടുന്ന പരിപാടികളില്‍ മുഴുവന്‍ സിഖുകാരും പങ്കെടുക്കുന്നു.

ഈ സന്ദര്‍ഭത്തില്‍തന്നെയാണ്, '1984ല്‍ സംഭവിച്ചതെല്ലാം മറക്കണം' എന്ന് പ്രധാനമന്ത്രി മന്‍മോഹന്‍ സിംഗ് സിഖ് ജനതയെ ഉപദേശിച്ചത്. ഈ ഉപദേശം വാര്‍ഷികാചരണ പരിപാടികളെ കൂടുതല്‍ ശക്തവും തീവ്രവുമാക്കാനേ ഉപകരിച്ചുള്ളൂ. പ്രധാനമന്ത്രിക്കെതിരെ രൂക്ഷമായ വിമര്‍ശനവുമുയര്‍ന്നു. സുവര്‍ണ ക്ഷേത്ര ദുരന്തം ഒരിക്കലും മറക്കാനാവില്ലെന്നും അതിന്റെ ഓര്‍മകള്‍ എക്കാലത്തും സജീവമായി നിലനിര്‍ത്തപ്പെടേണ്ടതുണ്ടെന്നും സിഖു നേതാക്കള്‍ പ്രഖ്യാപിക്കുകയും ചെയ്തു.

1984ലെ ദുരന്തസ്മരണ മായാതെ നിലനിര്‍ത്താന്‍ സിഖ് സമൂഹം ശഠിക്കുന്നതെന്തിനാണ്? എത്രകാലമാണവരത് നിലനിര്‍ത്തുക? അതുകൊണ്ട് ആര്‍ക്കെന്തു നേട്ടം? ഇത്തരം ചോദ്യങ്ങളൊക്കെ പ്രസക്തങ്ങളാണ്. സിഖു സമൂഹത്തിനു പുറത്തുള്ളവര്‍ അത് ചര്‍ച്ച ചെയ്യുന്നുമുണ്ട്. പക്ഷേ സിഖുകാരെ അതൊന്നും സ്വാധീനിക്കുന്നില്ല. അവര്‍ രാഷ്ട്രീയമായി പല പാര്‍ട്ടിക്കാരാണ്. മതത്തിനകത്തും പരസ്പരം പോരടിക്കുന്ന പല കക്ഷികളുണ്ട്. അടുത്തകാലത്ത് ദേരകളുടെ രംഗപ്രവേശം കക്ഷി വഴക്കുകള്‍ക്ക് ആക്കം കൂട്ടിയിരിക്കുകയാണ്. ഇന്ത്യക്കകത്തും പുറത്തുമുള്ള ആരാധനാലയങ്ങളില്‍ കൊലപാതകങ്ങളരങ്ങേറുന്നേടത്തോളം അതെത്തിയിരിക്കുന്നു. ഇതൊക്കെയാണെങ്കിലും പാര്‍ട്ടി വ്യത്യാസങ്ങള്‍ക്കും കക്ഷിവഴക്കുകള്‍ക്കും അതീതമായി 1984ലെ സംഭവങ്ങള്‍ ഓരോ സിഖുകാരന്റെ മനസ്സിലും മസ്തിഷ്കത്തിലും പച്ചയായിത്തന്നെ നിലനില്‍ക്കുകയാണ്. ജീവസ്സുറ്റ സമുദായത്തിന്റെ ലക്ഷണമാണത്. സുവര്‍ണ ക്ഷേത്രത്തിന്റെ ഗോപുരങ്ങള്‍ തകര്‍ന്നുവീണത് സിഖ് ജനതയുടെ ആത്മാഭിമാനത്തില്‍ ആഴത്തില്‍ മുറിവേല്‍പിച്ചുകൊണ്ടാണ്. ഗോപുരങ്ങള്‍ പുനര്‍നിര്‍മിക്കുന്നതുപോലെ എളുപ്പമല്ല ആത്മാവിന്റെ അടിത്തട്ടിലേറ്റ മുറിവുകളുണക്കുക എന്നത്.

1992ലെ ബാബരി മസ്ജിദ് ധ്വംസനം മറന്നുകളയണമെന്ന് മുസ്‌ലിംകളെയും പലരും ഉപദേശിക്കാറുണ്ട്. രണ്ട് ജനതകളുടെ ആത്മാഭിമാനത്തിന് മുറിവേല്‍പിച്ചതില്‍ സുവര്‍ണ ക്ഷേത്ര ധ്വംസനവും ബാബരി മസ്ജിദ് ധ്വംസനവും തമ്മില്‍ ലഘുവായ വ്യത്യാസമേയുള്ളൂ. സുവര്‍ണക്ഷേത്രധ്വംസനം ഇന്ത്യന്‍ സൈന്യത്തിന്റെ ലക്ഷ്യമായിരുന്നില്ല. തീവ്രവാദികളെ കീഴടക്കുന്ന നടപടിയില്‍ അനിവാര്യമായി സംഭവിച്ച അത്യാഹിതമാണത്. തകര്‍ന്ന ക്ഷേത്രം സര്‍ക്കാര്‍ ചെലവില്‍ പുനര്‍നിര്‍മിച്ചുകൊടുക്കുകയും ചെയ്തു. ബാബരി മസ്ജിദ് സംരക്ഷിക്കപ്പെടണമെന്ന സുപ്രീം കോടതിയുടെ ഉത്തരവിനെ ധിക്കരിച്ചുകൊണ്ട്, ആ ഉത്തരവ് പാലിക്കാന്‍ ബാധ്യസ്ഥരായ പോലീസിനെയും അര്‍ധസൈനികരെയും നോക്കുകുത്തികളാക്കിക്കൊണ്ട് വര്‍ഗീയ ഫാഷിസ്റ്റുകള്‍ മനഃപൂര്‍വം നടത്തിയതാണ് ബാബരി മസ്ജിദ് ധ്വംസനം. തകര്‍ത്ത പള്ളി, അത് തകര്‍ത്തവരോ സര്‍ക്കാരോ പുനര്‍നിര്‍മിച്ചില്ല. സ്വന്തം നിലയില്‍ പുനര്‍നിര്‍മിക്കാന്‍ മുസ്‌ലിംകളെ അനുവദിച്ചതുമില്ല. പള്ളി നിന്ന സ്ഥലത്ത് താല്‍ക്കാലിക ക്ഷേത്രം നിര്‍മിക്കാന്‍ അക്രമികളെ അനുവദിക്കുകയാണ് സര്‍ക്കാര്‍ ചെയ്തത്. അത് ഇപ്പോഴും നിലനില്‍ക്കുന്നു. സംഭവം നടന്ന് പതിനേഴ് വര്‍ഷം പിന്നിട്ടിട്ടും അതുസംബന്ധിച്ച കേസുകള്‍ എങ്ങുമെത്തിയിട്ടില്ല. ഇതാണ് മുസ്‌ലിംകള്‍ മറന്നുകളയണമെന്ന് ആവശ്യപ്പെടുന്നത്. തിരുത്തപ്പെട്ട തെറ്റുകള്‍ മറക്കണമെന്നാവശ്യപ്പെടുന്നത് മനസ്സിലാക്കാം. തിരുത്തപ്പെടാതിരിക്കുകയും തിരുത്തുകയില്ലെന്നാക്രോശിക്കുകയും ചെയ്യുന്ന തെറ്റുകള്‍ ജീവനുള്ള ഒരു സമുദായം ചുമ്മാ മറക്കുകയില്ല; മറക്കാന്‍ പാടില്ല. ■